**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1653** **11-10-2024 - ൽ മറുപടിയ്ക്ക്**

**തണ്ണീർകായൽ പാടശേഖരത്തിലെ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ്, മുല്ലശ്ശേരി പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന തണ്ണീർകായൽ പാടശേഖരത്തിൽ വർഷങ്ങളായി കൃഷി ഇറക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തണ്ണീർക്കായൽ പാടശേഖരം ഇടിയൻചിറ റഗുലേറ്ററിന്റെ തൊട്ടടുത്ത് കിടക്കുന്ന പാടശേഖരമാണ്. ഇടിയൻചിറ റഗുലേറ്ററിന്റെ ഷട്ടറുകൾ കാലപ്പഴക്കത്താൽ വളരെ ശോചനീയ അവസ്ഥയിലായതിനാൽ കനോലി കനാലിൽ ഉപ്പ വെള്ളം കയറുന്നത് ഫലപ്രദമായി പ്രിതിരോധിക്കാനാകാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ആയതിനാൽ കൃഷി ചെയ്യുവാനുള്ള സാഹചര്യം ഈ പ്രദേശത്ത് നിലവിലില്ല . |
| (ബി) | പ്രസ്തുത പാടശേഖരത്തിൽ കൃഷി നിർത്തിയത് എന്നു മുതലാണെന്നും, കൃഷി നിർത്താനുണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | തണ്ണീർക്കായൽ പാടശേഖരം ഇടിയൻചിറ റഗുലേറ്ററിന്റെ തൊട്ടടുത്ത് കിടക്കുന്ന പാടശേഖരമാണ്. ഇടിയൻചിറ റഗുലേറ്ററിന്റെ ഷട്ടറുകൾ കാലപ്പഴക്കത്താൽ വളരെ ശോചനീയ അവസ്ഥയിലായതിനാൽ കനോലി കനാലിൽ ഉപ്പ വെള്ളം കയറുന്നത് ഫലപ്രദമായി പ്രിതിരോധിക്കാനാകാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ആയതിനാൽ കൃഷി ചെയ്യുവാനുള്ള സാഹചര്യം ഈ പ്രദേശത്ത് നിലവിലില്ല . |
| (സി) | പ്രസ്തുത പാടശേഖരത്തിൽ വീണ്ടും കൃഷി ഇറക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | 2024-25 വർഷത്തെ കോൾ നെൽകൃഷി ആരംഭിക്കുന്നതിനു മുന്നോടിയായി 13/05/2024 ന് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ വെച്ച് കൃഷി ഉദ്യോഗസ്ഥരുടെയും മുല്ലശ്ശേരി ബ്ലോക്കിലെ പാടശേഖര സമിതി ഭാരവാഹികളുടേയും സംയുക്ത യോഗം കൂടുകയുണ്ടായി. സുരക്ഷിതമായി നെല്ല് കൃഷി ചെയ്ത് വിളവെടുക്കുന്നതിനുള്ള സാഹചര്യം 2024-25 വർഷത്തിലും ഇല്ലാത്തതു കൊണ്ട് തണ്ണീർ കായൽ പാടശേഖരത്തിൽ നെൽകൃഷി ഇറക്കാൻ തയ്യാറല്ല എന്ന് പാടശേഖര സമിതി ഭാരവാഹികൾ കൃഷിഭവനിൽ അറിയിച്ചു. |

| | | | |
|---|---|---|---|
| | | | ഇറിഗേഷൻ വകുപ്പിന്റെ കീഴിലാണ് നിലവിൽ ഇടിയൻ ചിറ റഗുലേറ്റർ ഉള്ളത്. ഇടിയൻ ചിറ റഗുലേറ്ററിന്റെ എല്ലാ ഷട്ടറുകളും നവീകരണ ജോലികളുടെ ഭാഗമായി നിലവിൽ എടുത്തു മാറ്റിയിരിക്കുകയാണ്. താൽക്കാലിക ബണ്ട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | 2024 വർഷം തന്നെ കൃഷി ഇറക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | 2024-25 വർഷത്തെ കോൾ നെൽകൃഷി ആരംഭിക്കുന്നതിനു മുന്നോടിയായി 13/05/2024 ന് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ വെച്ച് കൃഷി ഉദ്യോഗസ്ഥരുടെയും മുല്ലശ്ശേരി ബ്ലോക്കിലെ പാടശേഖര സമിതി ഭാരവാഹികളുടേയും സംയുക്ത യോഗം കൂടുകയുണ്ടായി. സുരക്ഷിതമായി നെല്ല് കൃഷി ചെയ്ത് വിളവെടുക്കുന്നതിനുള്ള സാഹചര്യം 2024-25 വർഷത്തിലും ഇല്ലാത്തതു കൊണ്ട് തണ്ണീർ കായൽ പാടശേഖരത്തിൽ നെൽകൃഷി ഇറക്കാൻ തയ്യാറല്ല എന്ന് പാടശേഖര സമിതി ഭാരവാഹികൾ കൃഷിഭവനിൽ അറിയിച്ചു.<br><br>ഇറിഗേഷൻ വകുപ്പിന്റെ കീഴിലാണ് നിലവിൽ ഇടിയൻ ചിറ റഗുലേറ്റർ ഉള്ളത്. ഇടിയൻ ചിറ റഗുലേറ്ററിന്റെ എല്ലാ ഷട്ടറുകളും നവീകരണ ജോലികളുടെ ഭാഗമായി നിലവിൽ എടുത്തു മാറ്റിയിരിക്കുകയാണ്. താൽക്കാലിക ബണ്ട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ